# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി

**ബഹുമാനപ്പെട്ട വ്യവസായ, ഐ.റ്റി, അർബൻ അഫയേഴ്സ് വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ ഓഫീസിലെ ചേംബറിൽ വച്ച് 09.11.2011–ന് രാവിലെ 8 മണി മുതൽ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ:–**

**1. പ്രത്യേക വിഷയങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ**

**1.1 പെരിന്തൽമണ്ണ നഗരസഭ (ഫയൽ നം. 60556/ഡി.ബി2/10/തസ്വഭവ)**

പെരിന്തൽമണ്ണ ഗവ.ഹൈസ്ക്കൂളിന്റെ ഗ്രൗണ്ടിന്റെ ഗാലറിയുടെ അടിഭാഗത്ത് ഒഴിഞ്ഞു കിടക്കുന്ന സ്ഥലം മുറികളായി തിരിച്ച് കച്ചവടത്തിനുപയോഗിക്കുന്നതിന് നിലവിലെ വ്യവസ്ഥകൾ പാലിച്ച് ലേലം ചെയ്തു നൽകുന്നതിന് പെരിന്തൽമണ്ണ നഗരസഭയ്ക്ക് അനുവാദം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.2 കോതമംഗലം നഗരസഭ ( ഫയൽ നം. 72060/എഫ്.എം.1/10/തസ്വഭവ)**

ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് ഉത്ഘാടനം, കള്ളാട് കുടിവെള്ള പദ്ധതി ഉത്ഘാടനം, ചിറപ്പടി ഷോപ്പിംഗ് കോംപ്ലക്സ് ഉത്ഘാടനം എന്നിവയ്ക്കായി അനുവാദം കൂടാതെ 135452/– രൂപ ചെലവഴിച്ച നടപടി അംഗീകരിക്കേണ്ടതില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.3 തൃശൂർ നഗരസഭ അംഗീകാരം (ഫയൽ നം. 61846/ഡി.എ.1/11/തസ്വഭവ)**

2011–12 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 7പട്ടികജാതി ക്ഷേമ പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം നൽകുകയുണ്ടായില്ല.

1. 407/11 നമ്പർ വനിതകൾക്കായി ഫാഷൻ ഡിസൈനിംഗ് എന്ന 1,00,000 രൂപയുടെ പദ്ധതി. പട്ടികജാതിക്കാരായ ആഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തി വരുമാനം ആർജ്ജിക്കുന്നതിലേയ്ക്ക് ഉതകുന്ന വളരെ തൊഴിൽ സാധ്യതയുള്ള ഒരു ട്രെയിനിംഗ് ആണ്. ട്രെയിനിംഗ് കഴിഞ്ഞു വരുന്നവർക്ക് നിലവിലുള്ള സാഹചര്യത്തിൽ തൊഴിൽ ചെയ്ത് ഉപജീവനം കണ്ടെത്താൻ കഴിയുമെന്നും, ഇതൊരു വനിതാ ഘടകത്തിൽ ഉൾപ്പെടുത്തിയ പ്രോജക്ടാണെന്നും, ഉള്ള മറുപടി കണക്കിലെടുത്ത് ട്രെയിനിംഗ് നടത്തുന്ന ഏജൻസിയെ മുൻകൂട്ടി നിശ്ചയിക്കുക, ഫീസ് നിരക്ക് നിശ്ചയിക്കുക, വ്യക്തമായ എഗ്രിമെന്റ് തയ്യാറാക്കുക എന്നീ വ്യവസ്ഥകളോടെ അംഗീകരിക്കുന്നു.
2. 409/11 ഇമിറ്റേഷൻ ജ്വല്ലറി മേക്കിംഗ് & സാരി ഡിസൈനിംഗ് എന്ന 2,57,500 രൂപയുടെ പദ്ധതി. പട്ടികജാതിക്കാരായ അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തി വരുമാനം ആർജ്ജിക്കുന്ന തിലേയ്ക്ക് ഉതകുന്ന വളരെ തൊഴിൽ സാധ്യതയുള്ള ഒരു ട്രെയിനിംഗ് ആണ്. ട്രെയിനിംഗ് കഴിഞ്ഞു വരുന്നവർക്ക് നിലവിലുള്ള സാഹചര്യത്തിൽ തൊഴിൽ ചെയ്ത് ഉപജീവനം കണ്ടെത്താൻ കഴിയും എന്ന മറുപടി പരിശോധിച്ചു. നിലവിലുള്ള മറ്റ് നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ചു.
3. 410/11 വനിതകൾക്ക് ഡി.റ്റി.പി. കമ്പ്യൂട്ടർ പരിശീലനം എന്ന 7,50,000 രൂപയുടെ പദ്ധതി. കെൽട്രോൺ മുഖേന പരിശീലനം നൽകുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. വളരെ തൊഴിൽ സാധ്യതയുള്ള കോഴ്സാണ്. ഡി.ടി.പി. ട്രൈനിംഗ് കഴിഞ്ഞു

വരുന്നവർക്ക് കെൽട്രോൺ തൊഴിൽ കൊടുക്കാമെന്ന് സമ്മതപത്രം നൽകിയിട്ടുണ്ട്. വനിതാ ഘടകത്തിൽ ഉൾപ്പെടുത്തിയ പ്രോജക്ടാണ് എന്ന മറുപടി പരിശോധിച്ചു. നിലവിലുള്ള മറ്റ് നിബന്ധനകൾക്കു വിധേയമായി അംഗീകരിച്ചു.

4. 411/11 സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ മെയിന്റനൻസ് & ഹാർഡ് വെയർ എന്ന 5,80,000 രൂപയുടെ പദ്ധതി. കെൽട്രോൺ മുഖേന പരിശീലനം നൽകുന്ന തിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. കെൽട്രോൺ കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുന്ന അക്രഡിറ്റഡ് ഏജൻസിയല്ല. വളരെ തൊഴിൽ സാധ്യതയുള്ള കോഴ്സാണ്. ഡി.ടി.പി. ട്രൈനിംഗ് കഴിഞ്ഞു വരുന്നവർക്ക് കെൽട്രോൺ തൊഴിൽ കൊടുക്കാമെന്ന് സമ്മതപത്രം നൽകിയിട്ടുണ്ട്. ആയതിനാൽ ടി. പ്രോജക്ട് കെൽട്രോൺ മുഖേന നടപ്പിലാക്കുന്നതിനായി അംഗീകരിക്കണമെന്ന അപേക്ഷ പ്രകാരം പദ്ധതിക്ക് അംഗീകാരം നൽകുന്നു.

5. 412/11 ഡ്രൈവിംഗ് പരിശീലനം എന്ന 7,00,000 രൂപയുടെ പദ്ധതി. പട്ടികജാതിക്കാർക്ക് 3 & 4 വീലർ ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനുള്ള പ്രോജക്ടാണിത്. ട്രെയിനിംഗ് കഴിഞ്ഞു വരുന്നവർക്ക് വളരെ തൊഴിൽ സാധ്യതയുണ്ട്. കൂടാതെ ഡ്രൈവിംഗ് ലൈസസൻസ് ഉള്ളവർക്ക് ജനകീയാസൂത്രണ പ്രകാരം വണ്ടി വാങ്ങുന്നതിന് സബ്സിഡി ഉണ്ട്. വകുപ്പു വഴി സ്വയം തൊഴിൽ പദ്ധതി പ്രകാരം മൂന്നിലൊന്ന് സബ്സിഡി യോടുകൂടിയ വായ്പാ പദ്ധതിയും നിലവിലുണ്ട്. മേൽ പദ്ധതി നിലവിലുള്ളതിനാൽ ട്രെയിനിംഗ് കഴിഞ്ഞു വരുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വണ്ടി വാങ്ങാൻ ധനസഹായം നൽകുന്നു എന്നുള്ള മറുപടി പരിഗണിച്ച് പരിശീലനം കഴിഞ്ഞ് ഡ്രൈവിംഗ് ലൈസൻസ് പരിശോധനയ്ക്ക് ലഭ്യമാക്കിയശേഷം മുഴുവൻ തുകയും നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥയിൽ അംഗീകരിച്ചു.

6. 413/11 സ്വയം തൊഴിൽ പരിശീലന കേന്ദ്രവും സ്വയം തൊഴിൽ യൂണിറ്റും എന്ന 90,00,000 രൂപയുടെ പദ്ധതി അംഗീകരിക്കുന്നില്ല.

7. 416/11 വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ എന്ന 76,00,000 രൂപയുടെ പദ്ധതി അംഗീകരിക്കുന്നില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.4 വടകര നഗരസഭ (ഫയൽ നം. 39013/എഫ്.എം.1/11/തസ്വഭവ)**

ആശ്രയ-അഗതി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ഭക്ഷ്യ വിതരണ പരിപാടിയിൽ 3 രൂപയ്ക്കുള്ള അരിക്കു പകരം 14 രൂപയ്ക്കുള്ള അരി വിതരണം ചെയ്യുക, ഭക്ഷ്യ ധാന്യ പട്ടികയിൽപ്പെടാത്ത സാധനങ്ങൾ വിതരണം ചെയ്യുക എന്നീ ക്രമവിരുദ്ധ നടപടി സധൂകരിക്കണമെന്ന അപേക്ഷ നിരസിക്കുന്നതിനും ഈ ക്രമ വിരുദ്ധ നടപടിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.5 എഴുപുന്ന ഗ്രാമപഞ്ചായത്ത് (ഫയൽ നം. 58845/ഡി.എ.2/11/തസ്വഭവ)**

പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള 4988699/- രൂപയുടെ പദ്ധതി, സ്ട്രീറ്റ് ടാപ്പ് പാടില്ല എന്ന നിബന്ധനയോടെ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.6 മുണ്ടക്കയം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 59491/ഡി.ബി2/11/തസ്വഭവ)**

ഏഴ് വികലാംഗർക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പദ്ധതി നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ച് അംഗീകരിച്ചു നൽകുന്നതിന് ഡി.പി.സി.ക്ക് നിർദ്ദേശം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.7 നന്ദിയോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 58536/ഡി.എ.2/11/തസ്വഭവ)**

വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം എന്ന പദ്ധതി സംബന്ധിച്ച് വിശദമായി വിവരശേഖരണം നടത്തിയശേഷം അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.8 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 47819/എഫ്.എം.1/11/തസ്വഭവ)**

2010–11 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിക്കാതെ നടപ്പാക്കിയ 5 പദ്ധതികൾക്ക് അംഗീകാരം നൽകണമെന്നതാണ് അപേക്ഷ

1. 2010–11–ൽ സ്പിൽഓവർ ആയിരുന്ന അവറാൻകുന്ന് ജലസേചന പദ്ധതി 2011 ജനുവരി മാസം 22861/– രൂപ ചെലവിട്ടശേഷം സ്പിൽഓവർ പദ്ധതിയിൽ അംഗീകാരത്തിനുൾപ്പെടുത്താതിരുന്ന നടപടി സാധൂകരിച്ച് അംഗീകാരം നൽകുന്നു.
2. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് അടിസ്ഥാന സൗകര്യ വികസനം – 37500/– രൂപ
3. കെല്ലൂർ വേലൂക്കര റോഡ് ടാറിംഗ് – 78,315/– രൂപ
4. കല്ലോടി – പാതിരിച്ചാൽ റോഡ് പാച്ച് വർക്ക് – 90,364/– രൂപ
5. വെൺമണി ചുള്ളിറോഡ് റീ ടാറിംഗ്– 30,120/– രൂപ

മേൽപറഞ്ഞ 4 പദ്ധതികൾക്ക് വകമാറ്റി ചെലവഴിച്ചതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കണമെന്ന നിബന്ധനയോടെ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.9 പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 55936/ഡി.എ.2/11/തസ്വഭവ)**

കുടിവെള്ളം ശേഖരിച്ചു വയ്ക്കുന്നതിന് 500 ലിറ്റർ ടാങ്ക് നൽകുന്ന പദ്ധതിയിൽ വെള്ളം ലഭ്യമാകുന്നതെങ്ങനെ തുടങ്ങിയ കൂടുതൽ വിവരം ശേഖരിച്ച ശേഷം അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.10 വെള്ളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 54318/ഡി.എ2/11/തസ്വഭവ)**

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ നൽകുന്നതു സംബന്ധിച്ച പദ്ധതിയുടെ മാനദണ്ഡം തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തിയശേഷം അടുത്തയോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.11 നേമം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 46674/എഫ്.എം.1/11/തസ്വഭവ)**

മെയിന്റനൻസ് ഗ്രാന്റ് (NR) ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി നടത്തിന്നതിന് ഉപയോഗിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് (NR) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് തുടങ്ങിയ എല്ലാ ആവശ്യങ്ങളും കഴിഞ്ഞ് ബാക്കി വന്ന തുകയാണെന്ന് പഞ്ചായത്ത് സെക്രട്ടറി സർട്ടിഫൈ ചെയ്ത് നൽകണം എന്ന വ്യവസ്ഥയോടെ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.12 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 45730/ഡി.ബി.2/11/തസ്വഭവ)**

DDC , DLMC, തുടങ്ങിയ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാർക്കു കൂടി പങ്കെടുക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.13 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 53550/എഫ്.എം.1/11/തസ്വഭവ)**

ജില്ലാ മൃഗാശുപത്രിയിൽ പേ വിഷബാധ നിർണ്ണയ ലാബ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ 5,10,000 രൂപയുടെ പദ്ധതി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തിനു വിധേയമായി നടപ്പാക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.14 ഫറോക്ക് ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 57771/ഡി.ബി.111/തസ്വഭവ)**

ഇ.എം.എസ് ഭവന പദ്ധതിയിൽ 24 കുടുംബങ്ങൾക്ക് 2 നില ഫ്ളാറ്റ് വിഭാവനം ചെയ്ത് തയ്യാറാക്കിയ പ്രോജക്ടിന് എസ്.സി. ഗുണഭോക്താക്കൾക്ക് വീടിന് അനുവദിക്കുന്ന സബ്സിഡി ധനസഹായം നൽകാവുന്നതാണെന്ന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.15 KALA – Kerala Artist Live Association (ഫയൽ നം.26262/ആർ.സി.2/10/തസ്വഭവ)**

കോ–ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ആവശ്യമില്ല.

**1.16 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 55119/ഡി.ബി.1/11/തസ്വഭവ)**

സുവർണധാര ജല വിതരണ പദ്ധതികളുടെ സ്രോതസ്സിനായി ഗുണഭോക്തൃ പ്രദേശത്തിനു പുറത്ത് ഉള്ളതുൾപ്പെടെയുള്ള പരമാവധി 2 സെന്റ് സ്ഥലം വില്ക്കു വാങ്ങുന്നതിന് നിലവിലുള്ള റവന്യു വിലകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.17 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 56095/ഡി.ബി.1/11/തസ്വഭവ)**

204/12 നമ്പർ പ്രോജക്ട് സംബന്ധമായ വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയശേഷം അടുത്ത യോഗത്തിൽ സമർപ്പിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.18 പയ്യാവൂർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 55617/ഡി.എ1/11/തസ്വഭവ)**

ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് പ്ലാന്റിന്റെ വിലയുടെ 75% സബ്സിഡി അനുവദിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.19 മഞ്ചേരി മുനിസിപ്പാലിറ്റി (ഫയൽ നം. 56384/എഫ്.എം.1/11/തസ്വഭവ)**

ഇ–ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കൂടുതൽ വിശദമായ റിപ്പോർട്ട് ആവശ്യമാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**1.20 ആർട്ടിസാൻസ് വെൽവെയർ ഓർഗനൈസേഷൻ (ഫയൽ നം. 57131/ഡി.ബി.3/11/തസ്വഭവ)**

കോ–ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമല്ല.

**<u>അജണ്ടയ്ക്കു പുറമേ</u>**

**1.21 ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്**

മെയിന്റനൻസ് ഗ്രാന്റ് (R) വിനിയോഗിക്കുന്ന റോഡ് പണികൾ മെറ്റലിംഗ്, ടാറിംഗ് എന്നീ പ്രവൃത്തികളാകാമെന്ന് 14.03.2005-ലെ 12245/പി1/05/തസ്വഭവ സർക്കുലറിൽ നിർദ്ദേശമുണ്ടായിട്ടും ശൂരനാട് ഗ്രാമപഞ്ചായത്തിന്റെ 54-ാം നമ്പർ പ്രോജക്ടിന് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡ് നിർമ്മാണത്തിനാണുപയോഗിക്കുന്നതെന്ന കാരണത്താൽ സാങ്കേതിക അനുമതി നൽകിയിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്ന പണി ആയതിനാൽ പുതിയ നിർമ്മാണമല്ല എന്ന് ഉറപ്പു വരുത്തി സാങ്കേതിക അനുമതി നൽകുന്നതിന് നിർദ്ദേശം നൽകുന്നു.

യോഗം 9 മണിക്ക് അവസാനിച്ചു.